തൃശ്ശൂർ മെഡിക്കൽ കോളേജിൽ പേവിഷ പ്രതിരോധ വാക്സിൻ ലഭ്യമാക്കാൻ നടപടി

113 [2545] *ശ്രീ. എ. സി. മൊയ്തീൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പേപ്പട്ടി കടിച്ചവർക്ക് കുത്തിവയ്പിനുള്ള മരുന്ന് തൃശ്ശൂർ മെഡിക്കൽ കോളേജിൽ ലഭ്യമല്ലാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) മരുന്ന് ലഭ്യമല്ലാത്തതിനുള്ള കാരണം എന്താണെന്ന് വ്യക്തമാക്കുമോ;

(സി) കുത്തിവയ്പിനുള്ള പ്രതിരോധമരുന്ന് ലഭ്യമാക്കുന്നതിന് ഉദ്യോഗസ്ഥ തലത്തിൽ അനാസ്ഥ ഉണ്ടായിട്ടുണ്ടെങ്കിൽ നടപടി സ്വീകരിക്കുമോ;

(ഡി) ഇവിടെ ആവശ്യത്തിന് മരുന്ന് ലഭ്യമാക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) സെൻട്രൽ പർച്ചേസ് കമ്മിറ്റിയുടെ ഉത്തരവ് ലഭ്യമാക്കുന്നതിൽ വന്ന കാലതാമസംമൂലമാണ് പേപ്പട്ടിവിഷത്തിനുള്ള മരുന്നിന് ഓർഡർ കൊടുക്കുന്നതിൽ കാലതാമസം ഉണ്ടായത്.

(സി) ഉദ്യോഗസ്ഥതലത്തിൽ അനാസ്ഥ ഉണ്ടായിട്ടില്ല.

(ഡി) മരുന്ന് ലഭ്യമാക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

പേവിഷബാധ

114 [2546] *ശ്രീ. ബിനോയ് വിശ്വം:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കഴിഞ്ഞ 4 വർഷത്തിനിടയിൽ എത്രപേർക്ക് പേപ്പട്ടി വിഷബാധ ഉണ്ടായെന്നും എത്രപേർ വിഷബാധമൂലം മരണപ്പെട്ടിട്ടുണ്ടെന്നും അറിയിക്കാമോ;

(ബി) ഈ കാലയളവിൽ പേപ്പട്ടിവിഷബാധയ്ക്കെതിരെയുള്ള മരുന്ന് ലഭ്യമല്ലാത്തതുമൂലം രോഗികൾ മരിക്കാനിടയായിട്ടുള്ള എത്ര സംഭവങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്നും ഇതുസംബന്ധിച്ചുള്ള വിശദാംശങ്ങളും നൽകാമോ;

(സി) സംസ്ഥാനത്തെ പേപ്പട്ടിവിഷവ്യാപനം തടയുന്നതിന് സർക്കാരും തദ്ദേശസ്വയംഭരണ സമിതികളും എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്നും അവ എത്രകണ്ട് ഫലപ്രദമാണെന്നും വിശദീകരിക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) സംസ്ഥാനത്തെ ഏതെല്ലാം തലത്തിലുള്ള ആശുപത്രികളിലാണ് പേപ്പട്ടി വിഷബാധയ്ക്കുള്ള ചികിത്സാ സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുള്ളതെന്ന് അറിയിക്കാമോ?

ഉത്തരം

(എ) 150 പേർ പേപ്പട്ടിവിഷബാധമൂലം മരണമടഞ്ഞു.

(ബി) മരുന്നു ലഭ്യമല്ലാത്തതിനാൽ രോഗി മരിക്കാനിടയായിട്ടുള്ള സംഭവങ്ങൾ ഒന്നും ഈ കാലയളവിൽ റിപ്പോർട്ടു ചെയ്തിട്ടില്ല.

(സി) പേവിഷബാധവ്യാപനം തടയുന്നതിന്റെ ഭാഗമായി ആരോഗ്യ വകുപ്പ് പേവിഷത്തിനെതിരായുള്ള ആന്റി റാബീസ് വാക്സിൻ വാങ്ങി ഓരോ സ്ഥാപനങ്ങളുടെയും വാർഷിക ആവശ്യകത അനുസരിച്ച് വിതരണം ചെയ്യുന്നുണ്ട്.

കേരള മുനിസിപ്പാലിറ്റീസ് ആക്ട്, പഞ്ചായത്ത്‌രാജ് എന്നീ ചട്ടങ്ങൾ അനുസരിച്ച് നഗരസഭാ പ്രദേശത്ത് പട്ടികളെയും പന്നികളെയും വളർത്തുന്നതിനും അവയെ പരിപാലിക്കുന്നതിനും ടി വ്യവസ്ഥകൾ കർശനമായി പാലിച്ച് പേവിഷബാധയും അലഞ്ഞുതിരിഞ്ഞു നടക്കുന്ന നായ്ക്കളുടെ ശല്യവും ഒഴിവാക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. നായ്ക്കളെ നശിപ്പിക്കാൻ നിയമം അനുവദിക്കാത്ത സാഹചര്യത്തിൽ നായ്ക്കളുടെ വംശവർദ്ധനവ് തടയുന്നതിന് നായ്ക്കളെ വന്ധീകരിക്കുന്നതിനും പ്രതിരോധകുത്തിവയ്പുകൾ നടത്തുന്നതിനുമുള്ള നടപടി തദ്ദേശ സ്വയംഭരണ വകുപ്പിന്റെ നേതൃത്വത്തിൽ നടപ്പിലാക്കിവരുന്നു.

(ഡി) സംസ്ഥാനത്തെ ബ്ലോക്ക് പ്രൈമറി ഹെൽത്ത് സെന്റർ തലം മുതലുള്ള ആശുപത്രികളിലും സർക്കാർ മെഡിക്കൽ കോളേജുകളിലും പേപ്പട്ടി വിഷബാധയ്ക്കുള്ള ചികിത്സാ സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്.

'ജനനി സുരക്ഷാ യോജന'യുടെ ഗുണം

115 [2547] *ശ്രീ. പി. കെ. കെ. ബാവ:*
„ *സി. മോയിൻകുട്ടി:*
„ *പി. കെ. അബ്ദുറബ്ബ്:*
„ *കെ. എൻ. എ. ഖാദർ:*
„ *ടി. പി. എം. സാഹിർ:* താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ജനനി സുരക്ഷാ യോജനയുടെ ഗുണം ലഭിക്കുന്നതിന് ഗുണഭോക്താക്കൾക്ക് ഉണ്ടായിരിക്കേണ്ട സ്ഥിതിഗതികൾ എന്തെല്ലാമാണ്?

LIBRARY ARCHIVES Kerala Legislative Assembly